സംസ്ഥാന വാർത്ത

**സേവനങ്ങൾ ഓൺലൈനിൽ: കെ സ്മാർട്ട് ഏപ്രിൽ ഒന്നുമുതൽ പഞ്ചായത്തുകളിലും**

ജനുവരി ഒന്നുമുതൽ സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും ആരംഭിക്കുന്ന കെ സ്മാർട്ട് പദ്ധതി ഏപ്രിൽ ഒന്നു മുതൽ മുഴുവൻ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കും. തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്ന സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയാണ് കെ സ്മാർട്ട്. എൺപതോളം സേവനങ്ങൾ ഓൺലൈനിലൂടെ ലഭിക്കുമെന്ന് തദ്ദേശ മന്ത്രി എം. ബി. രാജേഷ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ജനുവരി ഒന്നിന് പകൽ 10.30-ന് കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ കെ സ്മാർട്ട് സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി എം. ബി. രാജേഷ് അധ്യക്ഷനാകും. കെ സ്മാർട്ട് മൊബൈൽ ആപ് മന്ത്രി പി. രാജീവ് പുറത്തിറക്കും.

ഇൻഫർമേഷൻ കേരള മിഷനാണ് (ഐ.കെ.എം) കെ-സ്മാർട്ട് (കേരള സൊല്യൂഷൻസ് ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫർമേഷൻ ആൻഡ് ട്രാൻസ്ഫർമേഷൻ) വികസിപ്പിച്ചത്. രാജ്യത്ത് ആദ്യമായാണ് വിപുലമായ ഓൺലൈൻ സേവനം തദ്ദേശസ്ഥാപനങ്ങളിൽ നടപ്പാക്കുന്നത്. സംസ്ഥാനത്തിന്റെ ശ്രദ്ധേയ ചുവടുവയ്പ് നേരിട്ടറിഞ്ഞ് മറ്റ് സംസ്ഥാനങ്ങൾ കെ സ്മാർട്ട് മാതൃകയിൽ സോഫ്റ്റ്‌വെയർ വികസിപ്പിക്കാൻ ഐ.കെ.എം.-നെ സമീപിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജനന, മരണ, വിവാഹ രജിസ്ട്രേഷൻ, വ്യാപാര-വ്യവസായ ലൈസൻസ്, വസ്തു നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ്, ഫിനാൻസ് മോഡ്യൂൾ, കെട്ടിട നിർമ്മാണ അനുമതി, പൊതുജന പരാതി പരിഹാരം എന്നീ എട്ട് സേവനങ്ങളായിരിക്കും ലഭ്യമാകുക. വിദേശത്തുള്ളവർക്കും ഓൺലൈൻ വഴി സേവനങ്ങൾ ലഭ്യമാകും. വിവാഹ രജിസ്ട്രേഷനും വധുവരന്മാർ നേരിട്ട് പോകേണ്ടതില്ല. കെ സ്മാർട്ട് മൊബൈൽ ആപ്പിലൂടെയും എല്ലാ സേവനങ്ങളും ലഭിക്കും.

(ദേ. 29/12)

സംസ്ഥാന വാർത്ത

**വാഹനപരിശോധന: നിയമം നടപ്പിലായാൽ 'ലൈവ്' പെറ്റിയടിക്കൽ കുറയും**

മോട്ടോർ വാഹന ചട്ടപ്രകാരം, ഗ്രേഡ് എസ്.ഐ.മാരുടെ വാഹന പരിശോധന വിലക്കിയ നടപടി പോലീസിന് തിരിച്ചടി. പെറ്റി കേസ് പിടിച്ച് സർക്കാർ ഖജനാവിലേക്കു പണമൊഴുക്കുന്നതിന് ഈ വിലക്ക് തിരിച്ചടിയാകും. വാഹനം തടഞ്ഞു രേഖകൾ പരിശോധിച്ചു പിഴയീടാക്കാൻ ഇനി എസ്. ഐ., എസ്. എച്ച്. ഒ. മാർ റോഡിലിറങ്ങേണ്ടിയും വരും. അതേ സമയം, തങ്ങളുടെ ജോലിഭാരം കുറഞ്ഞതിൽ ആഹ്ലാദിക്കുന്ന ട്രോളുകളും ഗ്രേഡ് എസ്.ഐ.മാരുടെ വാട്സാപ്പ് ഗ്രൂപ്പിൽ പ്രവഹിക്കുന്നുണ്ട്.

വാഹനം തടഞ്ഞ് പി.ഒ.എസ്. മെഷീൻ ഉപയോഗിച്ച് പിഴയീടാക്കാൻ ഇനി മുതൽ ഗ്രേഡ് എസ്. ഐ.മാർക്ക് കഴിയില്ല. പി.ഒ.എസ്. മെഷീൻ സ്റ്റേഷൻ എസ്. ഐ.യുടെയോ അല്ലെങ്കിൽ എസ്. എച്ച്.ഒ.യുടെയോ പേരിലുള്ളതാണ്. പണം ഈടാക്കാൻ ഇനി ഇവരുടെ സാന്നിധ്യം വേണം. അല്ലെങ്കിൽ എസ്. ഐ. ഉള്ളിടത്തേക്ക് നിയമലംഘകരുമായി പോലീസിനു പോകേണ്ടിവരും.

സംസ്ഥാനത്ത് കൂടുതലും വാഹനപരിശോധന നടത്തിവന്നത് രണ്ടു നക്ഷത്രക്കാരായ ഗ്രേഡ് എസ്.ഐ. മാരാണ്. ബൈക്കിലും മറ്റും പി. ഒ.എസ്. മെഷീനുമായി കറങ്ങിനടന്നായിരുന്നു പിഴയീടാക്കൽ. സ്റ്റേഷനുകളിൽ ശരാശരി 2000 മുതൽ 5000 രൂപ വരെ പ്രതിദിന കളക്ഷനും ഇതുവഴി ലഭിച്ചിരുന്നു. സ്റ്റേഷനിൽ എസ്. ഐ., സി.ഐ. എന്നിവർ ചെയ്യേണ്ട പല ജോലികളും തങ്ങളെക്കൊണ്ട് ചെയ്യിക്കുന്നതിൽ ഗ്രേഡ് എസ്.ഐ.മാർ അമർഷത്തിലായിരുന്നു. ചട്ട വിരുദ്ധമായി മൃതദേഹ പരിശോധന പോലും (ഇൻക്വസ്റ്റ്) ഗ്രേഡ് എസ്.ഐ.മാരെക്കൊണ്ടാണ് എസ്.ഐ.മാർ ചെയ്യിച്ചിരുന്നത്. ചോദ്യം ചെയ്താൽ പ്രതികാര നടപടി ഉണ്ടാകുമെന്ന് ഭയന്ന് അനുസരിക്കുകയായിരുന്നു പതിവെന്നും ഗ്രേഡ് എസ്.ഐ.മാർ പറയുന്നു. ഇതിനിടെയാണ് വാഹന പരിശോധന നടത്താൻ ഗ്രേഡ് എസ്. ഐ. മാർക്കു കൂടി അധികാരം നൽകണമെന്നാവശ്യപ്പെട്ട് ഡി.ജി.പി. സർക്കാരിനു കത്ത് നൽകിയത്. ഇതു നിരസിച്ച് കഴിഞ്ഞ 16-നാണ് ആഭ്യന്തര സെക്രട്ടറിയുടെ കത്ത് ഡി.ജി.പി.ക്ക് ലഭിച്ചത്.

(മം. 20/12)

സംസ്ഥാന വാർത്ത

**സർക്കാർ വെറ്ററിനറി ഡോക്ടർമാരുടെ സ്വകാര്യ ക്ലിനിക്കുകൾക്ക് വിലക്ക് - മാനദണ്ഡങ്ങളായി സർക്കാർ**

സർക്കാർ വെറ്ററിനറി ഡോക്ടർമാർ സ്വകാര്യ ക്ലിനിക്കുകളും ആശുപത്രികളും നടത്തുന്നതിനും വിലക്ക്. ജോലിസമയത്തിനുശേഷം അത്തരം സ്ഥാപനങ്ങളിൽ ചികിത്സ നടത്തുന്നതും വിലക്കി. 2015 മുതൽ വെറ്ററിനറി ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് അനുവദനീയമാണെങ്കിലും കൃത്യമായ മാനദണ്ഡമില്ലാത്തതിനാൽ പലരെയും വിജിലൻസ് പിടികൂടിയിരുന്നു. കേരള ഗവൺമെന്റ് വെറ്ററിനറി ഓഫീസേഴ്സ് അസോസിയേഷന്റെ ആവശ്യം കൂടി കണക്കിലെടുത്താണ് സ്വകാര്യ പ്രാക്ടീസിന് മൃഗസംരക്ഷണ വകുപ്പ് മാനദണ്ഡം നിശ്ചയിച്ചത്.

മെഡിക്കൽ, ഡെന്റൽ, സർജിക്കൽ, ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി തുടങ്ങി ക്ലിനിക്കൽ സേവനം, കൃത്രിമബീജദാനം, ഫാം കൺസൾട്ടൻസി, പ്രോജക്ടുകൾക്കുള്ള ഉപദേശം, ഇൻഷുറൻസ്, പോസ്റ്റ്മോർട്ടം തുടങ്ങിയ മേഖലകളിൽ ഡ്യൂട്ടിസമയത്ത് അല്ലാതെ നൽകുന്ന സേവനങ്ങളെ സ്വകാര്യ പ്രാക്ടീസ് എന്ന നിർവചനത്തിൽ ഉൾപ്പെടുത്തി. ഇങ്ങനെ നൽകുന്ന സേവനത്തിന് കർഷകനിൽ നിന്ന് ഡോക്ടർക്ക് പണമീടാക്കാം. സ്വകാര്യ പ്രാക്ടീസിനുള്ള യാത്രാച്ചെലവ്, മരുന്ന് മറ്റ് മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ വില എന്നിവയും കർഷകനിൽ നിന്ന് രസീത് നൽകി ഈടാക്കാം.

പുതുക്കിയ മാനദണ്ഡം: ജോലിസമയത്ത് കർഷകർക്കാവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നിശ്ചിത ഫീസീടാക്കാൻ ഡോക്ടർമാർക്ക് അനുമതി. ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ്, ഹെൽത്ത് സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് 250 രൂപ. പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിന് 1000 രൂപ ഇതിനെല്ലാം രസീത് നൽകണം. സർക്കാർ വെറ്ററിനറി സ്ഥാപനത്തിനു പുറത്ത് ഡോക്ടറുടെ താമസസ്ഥലത്തോ, ഫാമിലെ കർഷകന്റെ വീട്ടിലോ നൽകുന്ന സേവനങ്ങൾ സ്വകാര്യ പ്രാക്ടീസിന്റെ പരിധിയിൽ വരും. പ്രത്യേക സ്ഥലത്ത് ബോർഡുവച്ച് സ്വകാര്യ പ്രാക്ടീസ് നടത്താനാകില്ല. ആശുപത്രി സമയത്ത് സ്വകാര്യ പ്രാക്ടീസ് അനുവദനീയമല്ല.

(മാ. 15/12)

സംസ്ഥാന വാർത്ത

**അജൈവ മാലിന്യ ശേഖരണത്തിന് സ്ഥാപിച്ച കൗണ്ടറുകൾ കോർപ്പറേഷൻ പൂട്ടി**

അജൈവ മാലിന്യ ശേഖരണത്തിന് നഗരത്തിന്റെ പല ഭാഗങ്ങളിലായി സജ്ജീകരിച്ചിരുന്ന കൗണ്ടറുകൾ കോർപ്പറേഷൻ പൂട്ടി. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശേഖരിക്കാൻ വീട്ടു പടിക്കലെത്തുന്ന ഹരിത കർമ സേനാംഗങ്ങൾക്ക് വരുമാനം ഉറപ്പിക്കുന്നതിന് വേണ്ടിയാണ് നഗരവാസികൾക്ക് ഏറെ പ്രയോജനപ്പെട്ടിരുന്ന സംവിധാനം നിർത്തിയത്.

53 സ്ഥലങ്ങളിലായി സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം. ആർ. എഫ്), തിരഞ്ഞെടുത്ത എയ്റോബിക് ബിന്നുകൾ എന്നിവയോടനുബന്ധിച്ചാണ് അജൈവ മാലിന്യ ശേഖരണ കൗണ്ടറുകൾ പ്രവർത്തിച്ചിരിക്കുന്നത്. ഏതു സമയത്തും ജനങ്ങൾക്ക് മാലിന്യം കൈമാറാം എന്നതായിരുന്നു ഗുണം. എന്നാൽ ഹരിതകർമ സേനകളുടെ പ്രവർത്തനം എല്ലാ വാർഡുകളിലും വ്യാപകമായതോടെയാണ് ഈ സംവിധാനം കോർപ്പറേഷൻ നിർത്തിയത്. കൗണ്ടറുകൾ പ്രവർത്തിപ്പിച്ചാൽ ഹരിത കർമ സേനാംഗങ്ങൾക്ക് അജൈവ മാലിന്യം കൈമാറില്ലെന്ന മുൻ ധാരണയുടെ അടിസ്ഥാനത്തിലായിരുന്നു തീരുമാനം.

ശാസ്തമംഗലം ജംഗ്ഷനിൽ മാത്രമാണ് ഒരു കൗണ്ടർ ഇപ്പോൾ പ്രവർത്തിക്കുന്നത്. എന്നാൽ എം. ആർ. എഫുകളിൽ ഏതു സമയത്തും അജൈവ മാലിന്യം കൈമാറാമെന്ന് ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷ ഗായത്രി ബാബു പറഞ്ഞു. ഇവിടെ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ മാലിന്യം കൈമാറുന്ന വ്യക്തിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയാൽ മതി. എം. ആർ. എഫുകളിൽ മാലിന്യം കൈമാറിയാലും ഹരിത കർമ സേനയ്ക്ക് യൂസർ ഫീ നൽകണമെന്നും അധ്യക്ഷ അറിയിച്ചു.

ഒക്ടോബറിൽ നടത്തിയ കളക്ഷൻ ഡ്രൈവ് വഴി 1,47,030 കിലോ അജൈവ മാലിന്യം കോർപ്പറേഷൻ സംഭരിച്ചു. പഴയ തുണി, ചെരുപ്പ് ബാഗ് എന്നിവയാണ് ശേഖരിച്ചത്. മണക്കാട് ഹെൽത്ത് സർക്കിൾ പരിധിയിൽ നിന്നാണ് ഏറ്റവും കൂടുതൽ മാലിന്യം ശേഖരിച്ചത് - 14,340 കിലോഗ്രാം, ശ്രീകാര്യത്ത് നിന്ന് 7900 കിലോയും ശ്രീകണ്ഠേശ്വരത്ത് നിന്ന് 7630 കിലോയും ശേഖരിച്ചു. സെക്രട്ടേറിയറ്റ് ഹെൽത്ത് സർക്കിളിൽ നിന്നാണ് ഏറ്റവും കുറവ് മാലിന്യം ശേഖരിച്ചത് 250 കിലോ.

(മ.മ. 03/12)

സംസ്ഥാന വാർത്ത

**പാളയം മൾട്ടിലെവൽ പാർക്കിംഗ് ഡിസംബറിൽ**

പാർക്കിംഗിന് പരിഹാരമാകാൻ ഒരുങ്ങുന്ന പാളയത്തെ ബഹുനില പാർക്കിംഗ് കേന്ദ്രം ഡിസംബർ അവസാനത്തോടെ പൊതുജനങ്ങൾക്ക് സമർപ്പിക്കും. സ്മാർട്ട്സിറ്റി പദ്ധതിയുടെ ഭാഗമായി നഗരത്തിൽ നിർമ്മിക്കുന്ന ആറ് കേന്ദ്രങ്ങളിലെ രണ്ടാമത്തേതാണ് പാളയം സാഫല്യം കോംപ്ലക്സിന് പിന്നിലായി സജ്ജീകരിക്കുന്നത്.

ആറു നിലയുള്ള കേന്ദ്രത്തിൽ ഒരേ സമയം മുന്നൂറോളം കാറുകൾ നിർത്തിയിടാം. ഇലക്ട്രിക് കാറുകൾ നിർത്തിയിടാനും ഒപ്പം ചാർജ് ചെയ്യാനുമുള്ള സൗകര്യമുണ്ട്. ഇരുന്നൂറോളം ഇരുചക്രവാഹനം നിർത്തിയിടാം. 27 കോടി രൂപയാണ് പദ്ധതി തുക തീരുമാനിച്ചിരിക്കുന്നത്. നിലവിൽ കോർപ്പറേഷൻ ഓഫീസ് പരിസരത്തും തമ്പാനൂരിലുമാണ് മൾട്ടിലെവൽ പാർക്കിംഗ് കേന്ദ്രമുള്ളത്. ചാല, പുത്തരിക്കണ്ടം, മെഡിക്കൽ കോളേജ്, വാണിയംകുളം എന്നിവിടങ്ങളിലും പാർക്കിംഗ് കേന്ദ്രങ്ങൾ നിർമ്മിക്കും.

പുത്തരിക്കണ്ടത്തെ പാർക്കിംഗിനുള്ള ടെൻഡർ ഡിസംബർ എട്ടിന് ക്ഷണിക്കും. ടെൻഡർ കരാറായി 20 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്.

(ദേ.27/11)

സംസ്ഥാന വാർത്ത

**സ്വകാര്യ സർവ്വകലാശാല ഇഷ്ടം കൂടുന്നു.**

സ്വകാര്യ സർവ്വകലാശാല തുടങ്ങാനുള്ള സംസ്ഥാന സർക്കാർ പ്രഖ്യാപനത്തിനു പിന്നാലെ, താത്പര്യവുമായി രംഗത്തെത്തിയത് ഇരുപതോളം സ്ഥാപനങ്ങൾ. പ്രമുഖ സ്വകാര്യ സർവകലാശാലകളുടെ ഉടമസ്ഥതയിലുള്ള വൻകിട ഗ്രൂപ്പുകൾ കേരളത്തിൽ സ്ഥലം കണ്ടെത്താൻ ശ്രമം തുടങ്ങി. ഇതിനു പുറമെ, സംസ്ഥാനത്ത് എയ്ഡഡ് കോളേജുകൾ നടത്തുന്ന കോർപ്പറേറ്റ്-സാമുദായിക മാനേജ്മെന്റുകളും സർക്കാരിനെ സന്നദ്ധത അറിയിച്ചിട്ടുണ്ട്. അടുത്ത നിയമസഭാ സമ്മേളനത്തിൽ സ്വകാര്യ സർവ്വകലാശാലയ്ക്കു വേണ്ടിയുള്ള നിയമനിർമ്മാണം നടത്താനുള്ള തയ്യാറെടുപ്പിലാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ്. സാമൂഹികനീതി ഉറപ്പാക്കുമെന്ന് സർക്കാർ വ്യക്തമാക്കിയതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി കേരളത്തിൽ സംവരണം നടപ്പാക്കും. ബില്ലിൽ ഇതിനുള്ള വ്യവസ്ഥകളുണ്ടാവും.

രാജഗിരി, മാർ ഇവാനിയോസ് തുടങ്ങിയ സ്ഥാപനങ്ങൾ നേരത്തേ കല്പിത സർവകലാശാലാ പദവിക്ക് അപേക്ഷിച്ചിരുന്നു. എന്നാൽ, ഉന്നതവിദ്യാഭ്യാസ പരിഷ്കാരത്തിനുള്ള ശ്യാം ബി. മേനോൻ കമ്മീഷൻ ശുപാർശയനുസരിച്ച് കല്പിതം വേണ്ട, സ്വകാര്യ സർവകലാശാല മതിയെന്ന് സർക്കാർ തീരുമാനിച്ചു. മണിപ്പാൽ അക്കാദമി, അമൃത ജെയിൻ, സിംബയോസിസ്, അമിറ്റി അസിം പ്രേംജി, ബെംഗളൂരുവിലെ ക്രൈസ്റ്റ് തുടങ്ങിയ സർവ്വകലാശാലകളും കേരളത്തിലേക്കു വരാൻ ഒരുക്കം തുടങ്ങി. സ്വകാര്യ സർവ്വകലാശാലകളുടെ നായകത്വം വഹിക്കാൻ വിരമിച്ച വൈസ് ചാൻസലർമാരെയും ചില സ്ഥാപനങ്ങൾ സമീപിച്ചിട്ടുണ്ട്.

ബിൽ പാസായാൽ അപേക്ഷ സ്വീകരിക്കൽ, അനുമതി, ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി അടുത്ത ഒരു വർഷത്തിനുള്ളിൽ സ്വകാര്യ സർവകലാശാല കേരളത്തിൽ യാഥാർഥ്യമാക്കാമെന്നാണ് കരുതുന്നത്.

(മാ.20/11)

**സംസ്ഥാന വാർത്ത**

**ഹൈഡ്രജൻ ഉൽപാദനത്തിന് അനെർട്ട് പദ്ധതി**

ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്ററുകൾ സ്ഥാപിക്കാനുള്ള നടപടികളുമായി കേരളം. മൂന്ന ജില്ലകളിൽ ക്ലസ്റ്ററുകൾ സ്ഥാപിക്കാൻ വിശദ പദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കുകയാണ്. എറണാകുളം, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളെ ബന്ധപ്പെടുത്തി അനെർട്ടിന്റെ നേതൃത്വത്തിലാണ് പദ്ധതി. ഗതാഗത, ഊർജ, വ്യാവസായിക മേഖലകളെ ലക്ഷ്യമിട്ടാണ് ക്ലസ്റ്ററുകൾ. ആദ്യഘട്ടത്തിൽ വാഹനങ്ങൾക്കും യാനങ്ങൾക്കുമുള്ള ഇന്ധനമായി ക്ലസ്റ്ററുകളിൽ നിന്നുള്ള ഹൈഡ്രജൻ ഉപയോഗിക്കും. ഒപ്പം സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റാനും പ്രയോജനപ്പെടുത്തും. ഹൈഡ്രജൻ ഉൽപ്പാദനവും വിതരണവും മാത്രമല്ല, ഈ രംഗത്തെ ഗവേഷണങ്ങളും കണ്ടുപിടിത്തങ്ങളും ലക്ഷ്യമിടുന്നു. ക്ലസ്റ്റർ മൂന്ന ജില്ലകളിലാണെങ്കിലും സംസ്ഥാനവ്യാപകമായി ഗുണകരമാകുന്ന വിധത്തിലായിരിക്കും പദ്ധതി. കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിന്റെ ചുരുക്കപ്പട്ടികയിൽ അനെർട്ടിന്റെ പ്രാഥമിക പദ്ധതി റിപ്പോർട്ട് ഇടംപിടിച്ചിരുന്നു.

ഭാവിയിലെ ഇന്ധനമെന്നാണ് ഹൈഡ്രജനെ വിശേഷിപ്പിക്കുന്നത്. പുനരുപയോഗ ഊർജസ്രോതസ്സുകളിൽ നിന്ന് ഉല്പാദിപ്പിക്കുന്നതാണ് ഹരിത ഹൈഡ്രജൻ. 2040 ഓടെ നൂറു ശതമാനം പുനരുപയോഗ ഊർജ അധിഷ്ഠിത സംസ്ഥാനമായി മാറുകയാണ് കേരളത്തിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായാണ് ക്ലീൻ എനർജി എന്നറിയപ്പെടുന്ന ഹരിത ഹൈഡ്രജൻ ഉൽപാദനത്തിനുള്ള സംസ്ഥാനത്തിന്റെ അനുകൂല അന്തരീക്ഷം പരമാവധി പ്രയോജനപ്പെടുത്തുന്നത്. പരിസ്ഥിതിസൗഹൃദ വികസനമെന്ന ലക്ഷ്യം സാക്ഷാത്കരിക്കാനും ഇത് സഹായിക്കും.

കേന്ദ്ര-സംസ്ഥാന ഫണ്ടുകളോടെ പദ്ധതി യാഥാർഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. അനെർട്ട് സമർപ്പിക്കുന്ന വിശദ പദ്ധതിരേഖയ്ക്ക് അംഗീകാരമായാൽ ശാസ്ത്രസാങ്കേതികവകുപ്പിന്റെ ഫണ്ട് ലഭിക്കും. ഇതടക്കം ഹൈഡ്രജൻ സാധ്യത പ്രയോജനപ്പെടുത്തുന്ന മറ്റു പദ്ധതികൾക്കും സംസ്ഥാനം തുടക്കമിട്ടുകഴിഞ്ഞു. എറണാകുളം ജില്ലയിൽ ഹൈഡ്രജൻ ഉൽപ്പാദന പ്ലാന്റിനുള്ള നടപടികളുമായി കെ. എസ്. ഇ. ബി. മുന്നോട്ടുപോവുകയാണ്. ഹൈഡ്രജനെ വിവിധ മാർഗങ്ങളിലൂടെ വൈദ്യുതിയാക്കാം. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉയർന്ന ആവശ്യകതയുള്ള സമയത്ത് (പീക്ക് ഡിമാൻഡ്) വിതരണം ചെയ്യുകയുമാകാം.

(ദേ. 13/11)

സംസ്ഥാന വാർത്ത

**ഏകീകൃത വാഹന പാർക്കിങ് ബൈലോ വെബ്സൈറ്റിൽ**

നഗരത്തിലെ സ്വകാര്യ പാർക്കിംഗിന് ഏകീകൃത നിരക്ക് നിശ്ചയിക്കുന്നതിന്റെ ഭാഗമായുള്ള ബൈലോ, കോർപ്പറേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. സ്വകാര്യ പാർക്കിങ് കേന്ദ്രങ്ങളെ നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തിലാണ് കോർപ്പറേഷൻ കൗൺസിൽ യോഗം സെപ്തംബറിൽ ബൈലോ പാസാക്കിയത്. ഇതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങളും ആക്ഷേപങ്ങളും 16 വരെ രേഖാമൂലം കോർപ്പറേഷനിൽ സമർപ്പിക്കാം. അഭിപ്രായങ്ങൾ പരിഗണിച്ച് ഭേദഗതി വരുത്തിയശേഷം അന്തിമ ബൈലോ പ്രസിദ്ധപ്പെടുത്തും. വിവരങ്ങൾക്ക് വെബ്സൈറ്റ് :https://tmc.lsgkerala.gov.in.

പാർക്കിംഗ് നിരക്ക് കുറയ്ക്കുന്നതിനൊപ്പം വാഹന ഉടമകൾക്ക് സൗകര്യവും ഉറപ്പാക്കുന്നതാണ് പുതിയ നിയമം. ശുചിമുറി സൗകര്യമൊരുക്കണം. സുരക്ഷാ ജീവനക്കാരുടെ സേവനവും ഉറപ്പാക്കണം. വാഹനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം പാർക്കിംഗ് കേന്ദ്രങ്ങൾക്കാണ്. വാഹനത്തിന്റെ വിശദാംശം, സമയം എന്നിവ ഉൾപ്പെടുത്തിയ രസീത് ഉപയോക്താവിന് നൽകണം. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ 10,000 രൂപ പിഴ ഈടാക്കും. സ്ഥാപനം അടച്ചുപൂട്ടുകയും ചെയ്യും. കേന്ദ്രങ്ങളിൽ മാലിന്യ നിർമാർജനത്തിനും സൗകര്യമുണ്ടാകണമെന്നാണ് ബൈലോ നിർദേശം.

വാഹനത്തിന്റെ തരം, പാർക്ക് ചെയ്യുന്ന സ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലാണ് നിരക്ക്. നഗരത്തെ സോൺ1, സോൺ 2 എന്നിങ്ങനെ തിരിച്ചിട്ടുണ്ട്.

(ദേ. 8/11)

സംസ്ഥാന വാർത്ത

**കനകക്കുന്നിൽ കാണാം മഹാശില കാലഘട്ട ശേഷിപ്പുകൾ**

മലബാറിലെ ചെങ്കൽ ഗുഹകളിൽ നിന്നുള്ള ഇരുമ്പ് യുഗ ചരിത്രാവശേഷിപ്പുകളുടെ വിസ്മയ കാഴ്ചയൊരുക്കി പുരാവസ്തു വകുപ്പിന്റെ പ്രദർശനവേദി. സംസ്ഥാന സർക്കാർ സംഘടിപ്പിച്ചിരിക്കുന്ന കേരളീയത്തിന്റെ ഭാഗമായി കനകക്കുന്നിലെ ബാന്റ് സ്റ്റാൻഡിലാണ് കേരളത്താര-കേരളം പിന്നിട്ട വഴിയടയാളങ്ങൾ എന്ന പേരിൽ സംസ്ഥാന പുരാവസ്തു വകുപ്പ് കേരളം പിന്നിട്ട ചരിത്ര ഘട്ടങ്ങളിൽ നിന്നുള്ള നിർണായക ശേഷിപ്പുകൾ സന്ദർശകർക്കായി പ്രദർശിപ്പിച്ചിരിക്കുന്നത്.

മഹാശില കാലഘട്ടത്തിന്റെ ഭാഗമായ 2500 വർഷം വരെ പഴക്കമുള്ള നന്നങ്ങാടി, ബ്ലാക് ആൻഡ് റെഡ് വെയർ ഇനത്തിൽ പെട്ട നാലു കാലുള്ള ഭരണി, കോപ്പ, തെരിക, ഇടുക്കി നെടുങ്കണ്ടത് നിന്ന് ലഭിച്ച ബ്ലാക് സ്ലിപ്പ്ഡ് വെയർ ഇനത്തിൽപെട്ട കലം, കണ്ണൂരിലെ നീർവേലി, തൃശ്ശൂരിലെ കാട്ടക്കാമ്പാൽ, പാലക്കാട് കൂടല്ലൂർ, കോഴിക്കോട് കക്കോടി എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച ഇരുമ്പ് ഉളി, മഴു, അരിവാൾ, വിളക്ക്, അമ്പ്, കഠാര, കൊളുത് എന്നിവയാണ് ഇരുമ്പ് യുഗ അവശേഷിപ്പുകളിൽ ശ്രദ്ധേയം.

നവീന ശിലായുഗ കാലഘട്ടത്തിലെ വിവിധ വലുപ്പത്തിലുള്ള കന്മഴുക്കളും, ഇവിടെ കാണാം. കാസർകോട് ജില്ലയിലെ ചീമേനി, എറണാകുളം ജില്ലയിലെ കാലടി എന്നിവിടങ്ങളിൽ നിന്ന് ലഭിച്ചവയാണിവ. മൂവായിരം വർഷത്തിൽ അധികം പഴക്കം ഉള്ളവയാണിവ. എറണാകുളം ജില്ലയിലെ കോട്ടപ്പുറത്തു നിന്നും കണ്ടെത്തിയ ബുദ്ധ പ്രതിമയാണ് പ്രദർശനത്തിലെ മറ്റൊരു ശ്രദ്ധേയ വസ്തു. കേരളത്തിൽ ബുദ്ധമതം നേരിട്ട പ്രതിസന്ധികൾക്ക് തെളിവെന്നവണ്ണം തല നഷ്ടപ്പെട്ട അവസ്ഥയിലാണ് ഒമ്പതാം നൂറ്റാണ്ടിലെ ഈ ശിൽപ്പം. ഇതിനു പുറമെ കൊളോനിയൽ അധിനിവേശ ശേഷിപ്പുകളായ ഇരുമ്പിലും കല്ലിലുമുള്ള പീരങ്കി ഉണ്ടകൾ, കേരളത്തിന്റെ തനത് പൈതൃകം ദൃശ്യമാവുന്ന ഗൃഹോപകരണങ്ങൾ, ദാരു ശിൽപ്പങ്ങൾ, വാദ്യ ഉപകരണങ്ങൾ, 2018-ലെ വെള്ളപ്പൊക്കത്തിൽ ആറന്മുളയിൽ പമ്പാ തീരത്ത് ദൃശ്യമായ കളിമൺ പ്രതിമകൾ, പതിനേഴാം നൂറ്റാണ്ടിലെ മലയാളം ലിപിയിലുള്ള താളിയോല ഗ്രന്ഥം എന്നിങ്ങനെ ഇവിടെ വിസ്മയ കാഴ്ചകൾ നീളുന്നു. ഈ മാസം ഏഴു വരെ പ്രദർശനം തുടരും.

(മം. 3/11)

സംസ്ഥാന വാർത്ത

## വ്യാജന്മാരെ തടയാൻ ബുക്കിംഗ് ആപ്പ് പരിഷ്കരിച്ച് കെ.എസ്.ആർ.ടി.സി.

വ്യാജ ആപ്പും വെബ്സൈറ്റും ഉപയോഗിച്ചുള്ള തട്ടിപ്പ് തടയാൻ കെ.എസ്.ആർ.ടി.സി. ടിക്കറ്റ് ബുക്കിംഗ് സംവിധാനത്തിൽ മാറ്റം വരുത്തി, എന്റെ കെ.എസ്.ആർ.ടി.സി ആപ്പ് കെ.എസ്.ആർ.ടി.സി നിയോ ഒ.എസ്.പി. ആർ(ente ksrtc neo oprs) എന്ന് പരിഷ്കരിച്ചു. ഔദ്യോഗിക വെബ്സൈറ്റ് https://onlineksrtcswift.com മാത്രമായിരിക്കും. വ്യാജ സൈറ്റുകളിൽ കയറി പണം പോകുന്നെന്ന പരാതി വ്യാപകമായതോടെയാണ് നടപടി.

ടിക്കറ്റ് ബുക്കിംഗിന് കെ.എസ്.ആർ.ടി.സിയുടേതെന്ന് അവകാശപ്പെടുന്ന മറ്റെല്ലാ വെബ്സൈറ്റുകളും വ്യാജമാണെന്ന് സോഷ്യൽ മീഡിയ വിഭാഗം അറിയിച്ചു.

തട്ടിപ്പിന് ഒരു ഉദാഹരണം ഇങ്ങനെ: ബാങ്ക് ജീവനക്കാരി ജിയ എറണാകുളത്തു നിന്ന് കോഴിക്കോട്ടേക്ക് ടിക്കറ്റ് ബുക്കിംഗിന് ഗൂഗിൾ സെർച്ച് ചെയ്ത് കെ.എസ്.ആർ.ടി.സി. ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് എന്ന സൈറ്റിൽ കയറി പണമടച്ചപ്പോൾ രസീത് ഫോണിൽ ലഭിച്ചു. എറണാകുളം സ്റ്റാൻഡി ലെത്തി ബസിൽ കയറിയപ്പോഴാണ് പുകിൽ. തനിക്കനുവദിച്ച അതേ സീറ്റ് നമ്പരിൽ മറ്റൊരു ബുക്കിംഗ് കെ.എസ്.ആർ.ടി.സി. അധികൃതർ പരിശോധിച്ചപ്പോഴാണ് തട്ടിപ്പ് നടന്നതറിയുന്നത്. ഔദ്യോഗിക സൈറ്റ് വഴി ബുക്ക് ചെയ്തത് മറ്റേ വ്യക്തിയാണ്.

(കേ.കൗ.25/10)

സംസ്ഥാന വാർത്ത

## വികലാംഗ ക്ഷേമ കോർപറേഷൻ ഇനി ഭിന്നശേഷി ക്ഷേമ കോർപറേഷൻ

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷൻ ഇനി മുതൽ കേരള സംസ്ഥാന ഭിന്നനശേഷി ക്ഷേമ കോർപറേഷൻ അഥവാ കേരള സ്റ്റേറ്റ് ഡിഫറന്റ്ലി ഏബിൾഡ് വെൽഫയർ കോർപറേഷൻ ലിമിറ്റഡ് എന്ന പേരിൽ അറിയപ്പെടുമെന്നു മന്ത്രി ആർ. ബിന്ദു.

വികലാംഗർ എന്ന പദം ഔദ്യോഗിക കാര്യങ്ങളിൽ നിന്ന് ഒഴിവാക്കാൻ മന്ത്രിയെന്ന നിലയ്ക്കു നേരത്തെ നിർദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ കോർപറേഷന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് തീരുമാനമെടുത്ത് കേന്ദ്ര കമ്പനി മന്ത്രാലയത്തെ സമീപിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ അംഗീകാരം നിഷേധിച്ചു. പുനർനാമകരണം വേഗത്തിലാക്കാൻ വീ ും കേർപറേഷനു നിർദേശം നൽകി. കഴിഞ്ഞ ഓഗസ്റ്റിൽ ചേർന്ന ബോർഡ് യോഗം വീ ും ഇതേ ആവശ്യം കേന്ദ്ര കമ്പനി മന്ത്രാലയത്തിൽ ഓൺലൈനായി സമർപ്പിച്ചതിനെ തുടർന്നാണ് പുതിയ പേരിന് അംഗീകാരം ലഭിച്ചത്.

സർക്കാർ, പൊതുവേദികളിൽ ഔദ്യോഗികമായി പുനർനാമകരണം നിലവിൽ വരാൻ ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗവും ജനറൽബോഡിയും വിളിച്ചു ചേർക്കണം. ബോർഡ് യോഗം 25ന് ചേരും. തുടർന്ന് ജനറൽബോഡി വിളിച്ചു ചേർത്തു പേരു മാറ്റം പൂർത്തികരിക്കുമെന്നും മന്ത്രി പറഞ്ഞു.

(മ.മ.19/10)

സംസ്ഥാന വാർത്ത

## ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ ക ത്താൻ നൂതന സംവിധാനവുമായി പോലീസ്

മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരെ ക ത്താൻ 'മൊബൈൽ ടെസ്റ്റ് സിസ്റ്റം' എന്ന സംവിധാനവുമായി സിറ്റി പോലീസ് പുതിയ സംവിധാനം ഉപയോഗിച്ച് നഗരത്തിൽ ആരംഭിച്ച പരിശോധനയിൽ നിരവധി പേർ പിടിയിലായതായി സിറ്റി പോലീസ് കമ്മീഷണർ നാഗരാജു ചകിലം അറിയിച്ചു.

ഡെപ്യൂട്ടി പോലീസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ നർക്കോട്ടിക് സെൽ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘമാണ് പരിശോധന നടത്തുന്നത് എം.ഡി.എം.എ., ലഹരി ഗുളികകൾ, കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ ഉപയോഗിച്ചവരെ ഈ സംവിധാനം വഴി ക ത്താൻ സാധിക്കും.

ലഹരി മരുന്ന് ഉപയോഗിച്ച് അമിത വേഗതയിലും അപകടകരമായ രീതിയിലും വാഹനം ഓടിക്കുന്നവരെ ക ത്തി നിയമനടപടി സ്വീകരിക്കും. സാമൂഹ്യ വിരുദ്ധർ ഒത്തുചേർന്ന് ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന സ്ഥലങ്ങളിലും ബസ് സ്റ്റാന്റുഡുകളിലും പരിശോധന ശക്തമാക്കും ലഹരി മരുന്ന് ഉപയോഗിക്കുന്നവരെയും കച്ചവടം ചെയ്യുന്നവരെയും ക ത്താനായി പോലീസിനെ സഹായിക്കാൻ പൊതുജനങ്ങൾക്ക് 'യോദ്ധാവ്' ആപ്പിലൂടെയും 9995966666 എന്ന മൊബൈൽ നമ്പരിലേക്കും ആന്റി നാർക്കോട്ടിക് സെല്ലിന്റെ 9497927797 എന്ന നമ്പരിലേക്കും സന്ദേശങ്ങൾ അയക്കാമെന്ന് കമ്മീഷണർ അറിയിച്ചു.

(കേ.കൗ.08/10)

സംസ്ഥാന വാർത്ത

## 200 കിടക്കയുള്ള ആശുപത്രിക്കും നഴ്സിങ് കോളേജ്

സംസ്ഥാനത്ത് പുതിയ നഴ്സിങ് കോളേജുകൾ ആരംഭിക്കുവാൻ ആരോഗ്യ സർവകലാശാല ഇളവ് അനുവദിച്ചു. 200 കിടക്കകളുള്ള ആശുപത്രികൾക്ക് പുതിയ നഴ്സിങ് കോളേജ് തുടങ്ങാൻ അനുമതി നൽകാനാണ് തീരുമാനം.

300 കിടക്കകൾ വേണമെന്നായിരുന്നു നിലവിലുള്ള നിബന്ധന. വൈസ്. ചാൻസലർ ഡോ. മോഹനൻ കുന്നുമ്മലിന്റെ അധ്യക്ഷതയിൽ ചേർന്ന സർവ്വകലാശാല അക്കാദമിക് കൗൺസിലിന്റേതാണ് തീരുമാനം.

രാജ്യാന്തരതലത്തിൽ കൂടുതൽ നഴ്സുമാരെ ആവശ്യമായി വരുന്ന സാഹചര്യം പരിഗണിച്ചാണ് ഇളവ് അനുവദിക്കുന്നത്. പുതിയ തീരുമാനം നിലവിൽ വരുന്നതോടെ സംസ്ഥാനത്ത് കൂടുതൽ നഴ്സിങ് കോളേജുകൾ ആരംഭിക്കുന്നതിന് അവസരമൊരുങ്ങും.

ജോലി സ്ഥലത്ത് ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കു ന്നതിനായി സുരക്ഷാ ജീവനക്കാരെ നിയമിക്കാനും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാനും കോളേജുകൾക്ക് നിർദ്ദേശം നൽകി.

ഈ സൗകര്യങ്ങൾ ഏർപ്പെടുത്താത്ത കോളേജുകൾക്ക് അഫിലിയേഷൻ നൽകില്ല.

(മ.മ..01/10)

# സംസ്ഥാന വാർത്ത

**അവരുടെ ഇരുട്ടകറ്റാൻ ഇനി 'സാക്ഷരത'യുടെ വെട്ടം**

ആയിരങ്ങളെ അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തിയ സാക്ഷരതമിഷൻ കാഴ്ചപരിമിതിയുള്ളവരിലേക്കും. ബ്രെയിലി ലിപിയിലൂടെ അക്ഷരാഭ്യാസം നൽകുന്ന ' ബ്രെയിലി ലിറ്ററസി ' പദ്ധതി അടുത്ത മാസം ആരംഭിക്കും. എല്ലാ വിഭാഗം ആളുകളെയും സാക്ഷരരാക്കാനുള്ള മിഷന്റെ ചരിത്രപരമായ ചുവടുവയ്പ്പാണിത്. സാക്ഷരത കോഴ്സിന്റെ പുസ്തകം ബ്രെയിലി ലിപിയിലേക്ക് മാറ്റും. കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡിന്റെ സഹകരണത്തോടെ ആദ്യഘട്ടത്തിൽ കാഴ്ച പരിമിതിയുള്ള 5000 ആളുകളെയാണ് ഇതിന്റെ ഭാഗമാക്കുക. എല്ലാ ജില്ലയിലും പഠന കേന്ദ്രങ്ങളുണ്ടാകും. മൂന്ന് മാസമാണ് കോഴ്സ്. അടുത്ത ഘട്ടങ്ങളിൽ നാല്, ഏഴ്, പത്ത് തുടങ്ങിയ തുല്യതാ ക്ലാസുകളും 'ബ്രെയിലി ലിറ്ററസി'യിൽ ആരംഭിക്കും. പഠിതാക്കളുടെ സൗകര്യം പരിഗണിച്ച് ബാച്ചുകളായാണ് ക്ലാസ്. തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണവും ഉറപ്പാക്കും. മുന്നോടിയായി അക്ഷരാഭ്യാസമില്ലാത്ത കാഴ്ച പരിമിതരെ കണ്ടെത്താനുള്ള സർവേ ഫെഡറേഷന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. ഫെഡറേഷൻ അംഗങ്ങളിൽ തെരഞ്ഞെടുത്തവർക്ക് സാക്ഷരതാമിഷൻ പരിശീലനം നൽകും. ഇവരാണ് ജില്ലാ കേന്ദ്രങ്ങളിൽ ക്ലാസെടുക്കുക.

**(ദേ.,26/09)**